പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 246 — 15.02.2013 ൽ മറുപടിക്ക്

## ബോട്ടിലിംഗ് പ്ലാന്റുകളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.എൻ.എ. ഖാദർ :<br>„ എം.പി. അബ്ദുസ്സമദ് സമദാനി:<br>„ വി. എം. ഉമ്മർ മാസ്റ്റർ:<br>„ കെ. മുഹമ്മദുണ്ണി ഹാജി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഐ.ഒ,സി-യുടെ കീഴിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളുടെ സുരക്ഷാ ക്രമീകരണങ്ങളും മറ്റു മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാൻ ഏതെല്ലാം ഏജൻസികൾക്കാണ് ചുമതല നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) ഐ.ഒ.സി-യുടെ കീഴിലുള്ള ബോട്ടിലിംഗ് പ്ലാന്റുകളുടെ സുരക്ഷാ ക്രമീകരണങ്ങളും മറ്റു മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടോ എന്നത് പരിശോധിക്കാൻ താഴെപ്പറയുന്ന ഏജൻസികൾക്കാണ് അധികാരമെന്ന് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.<br><br>1 പെട്രോളിയം എക്സ്പ്ലോസിവ് സേഫ്റ്റി ഓർഗനൈസേഷൻ (P E S O)<br>2 ഡിപ്പാർട്ട്മെന്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് .<br>3. ഓയിൽ ഇൻഡസ്ട്രി സേഫ്റ്റി ഡയറക്ടറേറ്റ്.<br>4. പൊല്യൂഷൻ കൺട്രോൾ ബോർഡ്. |
| (ബി) ബോട്ടിലിംഗ് പ്ലാന്റുകളിലേക്കുള്ള വാതകകണ്ടെയ്നറുകളുടെ നീക്കം പരിശോധിക്കാനും, സുരക്ഷ ഉറപ്പാക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (ബി) പാചക വാതക വാഹനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ ഫിറ്റ്നസ് പരിശോധന; എക്സ്പ്ലോസിവ് ലൈസൻസ് നൽകുകയും യഥാസമയം പുതുക്കി നൽകുകയും ചെയ്യുന്നതിനുള്ള പെട്രോളിയം എക്സ്പ്ലോസിവ് സേഫ്റ്റി ഓർഗനൈസേഷന്റെ പരിശോധനകൾ; ലോഡിംഗ് അൺലോഡിംഗ് സ്ഥലത്തു വച്ചുള്ള ലൈസൻസ്/ ഡോക്യുമെന്റ്സ് |

| | | | |
|---|---|---|---|
| | | | പരിശോധന; പ്രവർത്തനക്ഷമമായ അഗ്നി ശമന ഉപകരണങ്ങളാണ് ഉപയോഗിക്കുന്ന തെന്ന ഉറപ്പുവരുത്തൽ; ബുള്ളറ്റുകൾ കേടു വന്നിട്ടുണ്ടോ എന്നറിയുന്നതിനായുള്ള വണ്ടിയുടെ ഭൗതികപരിശോധന എന്നിവ യാണ് വാതകകണ്ടെയ്നറുകളുടെ സുരക്ഷ ഉറപ്പാക്കാൻ ഉള്ള സംവിധാനങ്ങൾ എന്ന് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോർ ഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) | അശ്രദ്ധയും, മാനദണ്ഡങ്ങൾ പാലിക്കാത്തതും മൂലം ബോട്ടി ലിംഗ് പ്ലാന്റുകളും വാതകം കൊണ്ടുപോകുന്ന കണ്ടെയ്നറു കളും ജനജീവിതത്തിനുയർത്തുന്ന ഭീഷണി ഇല്ലാതാക്കാൻ എല്ലാ പരിശോധനാ ഏജൻസികളുടെയും സംയുക്ത പരിശോധന നടത്താൻ നിർദ്ദേശിക്കുമോ ? | (സി) | ഇക്കാര്യത്തിൽ ഓയിൽ കമ്പനികളുമായി ആശയ വിനിമയം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ